# CAREER Updates
# പത്രവൃത്താന്തം
**28.03.2024 (വ്യാഴം)**




- ➪ **ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കേരളത്തിലെ തൊഴിലാളികളുടെ ദിവസ വേതനം എത്ര രൂപയായാണ് ഉയർത്തിയത്?**
- ✔ 346 രൂപ

- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേരളത്തിലെ തൊഴിലാളികൾക്ക് ലഭിച്ചിരുന്ന ദിവസ വേതനം 333 രൂപയായിരുന്നു. 2024 മാർച്ചിൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ വിജ്ഞാപനപ്രകാരം 13 രൂപ വർദ്ധിപ്പിച്ച് 346 രൂപയായി ഉയർത്തുകയായിരുന്നു.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്ന സംസ്ഥാനം ഹരിയാനയാണ്. വേതനത്തിൽ വർദ്ധനവുണ്ടായതോടെ ഹരിയാനയിലെ തൊഴിലാളികൾക്ക് ലഭിക്കുന്നത് 374 രൂപയാണ്.
- പ്രതിദിനമുള്ള കൂലിയിൽ ഏറ്റവും കൂടുതൽ വർദ്ധനവുണ്ടായത് ഗോവയിലാണ് (34 രൂപ). വർദ്ധനവ് ഏറ്റവും കുറവ് ഉത്തർപ്രദേശിലാണ് (7 രൂപ).

- ➪ **2024 മാർച്ചിൽ ദേശീയ അന്വേഷണ ഏജൻസി (എൻ.ഐ.എ.) ഡയറക്ടർ ജനറലായി നിയമിതനായ വ്യക്തി**
- ✔ സദാനന്ത് വസന്ത് ദാതെ
- ദേശീയ അന്വേഷണ ഏജൻസിയുടെ നിലവിലെ ഡയറക്ടർ ജനറൽ ദിൻകർ ഗുപ്തയുടെ കാലാവധി 2024 മാർച്ചിൽ അവസാനിക്കുന്ന സാഹചര്യത്തിലാണ് സദാനന്ദ് വാസന്ത് ദാതെയുടെ നിയമനം. 2026 ഡിസംബർ 31 വരെയാണ് ഇദ്ദേഹത്തിന്റെ കാലാവധി.
- ➪ **പ്രധാനമന്ത്രി ഉൾപ്പെടെയുള്ള വി.വി. ഐ.പികളുടെ സുരക്ഷാ ചുമതല നിർവ്വഹിക്കുന്ന സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (എസ്.പി.ജി.) അഡീഷണൽ ഡയറക്ടർ ജനറലായി നിയമിതനായത്**
- ✔ സുരേഷ്‌രാജ് പുരോഹിത്
- ➪ **മൈക്രോസോഫ്റ്റ് വിൻഡോസ്, സർഫേസ് വിഭാഗങ്ങളുടെ തലവനായി 2024 മാർച്ചിൽ നിയമിതനായ ഇന്ത്യൻ വംശജൻ**
- ✔ പവൻ ദവുലുരു
- ➪ **2024 മാർച്ചിൽ ഇന്റർനാഷണൽ ഹോക്കി ഫെഡറേഷന്റെ അത്‌ലറ്റ്സ് കമ്മിറ്റി കോ–ചെയർ ആയി നിയമിതനായ മലയാളി ഹോക്കി താരം**
- ✔ പി.ആർ. ശ്രീജേഷ്
- പി.ആർ. ശ്രീജേഷിനൊപ്പം ഇന്റർനാഷണൽ ഹോക്കി ഫെഡറേഷന്റെ അത്‌ലറ്റ്സ് കമ്മിറ്റി കോ–ചെയർ ആയി നിയമിക്കപ്പെട്ട ചിലിയിൽ നിന്നുള്ള വനിതാ ഹോക്കി താരമാണ് കാമില കാരം.
- ➪ **2024 മാർച്ചിൽ പുറത്തിറങ്ങിയ ബ്രാന്റ് ഫിനാൻസ് ഇൻഷുറൻസ് പട്ടിക പ്രകാരം ലോകത്തിലെ ഏറ്റവും ശക്തമായ ഇൻഷുറൻസ് ബ്രാന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടത്**
- ✔ എൽ.ഐ.സി.

- ➪ **2024 മാർച്ചിൽ ഇന്ത്യൻ പ്രീമിയർ ലീഗ് ചരിത്രത്തിൽ ഏറ്റവും ഉയർന്ന സ്കോർ നേടിയ ടീം ആയി മാറിയത്**
- ✔ സൺ റൈസേഴ്സ് ഹൈദരാബാദ്
- മുംബൈ ഇന്ത്യൻസിനെതിരായ മത്സരത്തിലാണ് സൺ റൈസേഴ്സ് ഹൈദരാബാദ് ചരിത്രനേട്ടം സ്വന്തമാക്കിയത്. 20 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 277 റൺസ് ആണ് ഹൈദരാബാദ് നേടിയത്.
- ഒരു ഐ.പി.എൽ. മത്സരത്തിൽ 500 റൺസിന് മുകളിൽ സ്കോർ ചെയ്യുന്നതും ഇതാദ്യമായാണ്. സൺ റൈസേഴ്സ് ഹൈദരാബാദും മുംബൈ ഇന്ത്യൻസും ചേർന്ന് 523 റൺസാണ് അടിച്ചെടുത്തത്.
- ➪ **2024 മാർച്ചിൽ യു.പി.എസ്.സി. യുടെ ഡയറക്ടറായി നിയമിക്കപ്പെട്ട വ്യക്തി**
- ✔ ഹൻഷ മിശ്ര
- ➪ **2024 മാർച്ചിൽ നടന്ന സബ് ജൂനിയർ നാഷണൽ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽ കിരീടം നേടിയത്**
- ✔ ഹരിയാന
- ➪ **2024 മാർച്ചിൽ കപ്പൽ ഇടിച്ചുകയറി തകർന്നുപോയ അമേരിക്കയിലെ പാലം**
- ✔ ഫ്രാൻസിസ് സ്കോട്ട് കീ പാലം
- ➪ **ലോക്സഭാ തിരഞ്ഞെടുപ്പ് പ്രകടനത്തിനായി 2024 മാർച്ചിൽ ബംഗാളിൽ സി.പി.എം. കൊണ്ടുവന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അവതാരക**
- ✔ സമത

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999